**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 194** **17-03-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി.എൽ.-ന്റെ സാമ്പത്തിക സുസ്ഥിരത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ. എം.വിജിൻ | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2011-16-ലെ സർക്കാരിന്റെ കാലത്ത് 2014-ൽ കെ.എസ്.ഇ.ബി.എൽ. വൈദ്യുതി വാങ്ങുന്നതിനായി ചട്ടം ലംഘിച്ചുകൊണ്ട് കരാറിൽ ഏർപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് പരിശോധിക്കാൻ വിദഗ്ധ സമിതിയെ നിയോഗിച്ചിരുന്നോ; വിദഗ്ധ സമിതിയുടെ കണ്ടെത്തൽ എന്തായിരുന്നു; പതിനയ്യായിരത്തി അറുനൂറ് കോടി രൂപയുടെ അധിക ബാധ്യത ഉണ്ടാകുമെന്ന് കണക്കാക്കുന്ന പ്രസ്തുത കരാർ റദ്ദാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഏർപ്പെട്ട DBFOO പ്രകാരം 2014-2015 കാലയളവിൽ ഒപ്പ് വച്ച ചില ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകൾക്ക് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ ഇതുവരെ അനുമതി നൽകിയിട്ടില്ല. ബോർഡ് സർക്കാരിന് സമർപ്പിച്ച പ്രസ്തുത വിഷയം സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ച് ഉചിത ശുപാർശ സമർപ്പിക്കുവാൻ അഡീഷണൽ ചീഫ് സെക്രട്ടറി (ഫിനാൻസ്), പ്രിൻസിപ്പൽ സെക്രട്ടറി (പവർ), സെക്രട്ടറി (നിയമം), ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്നിവർ അംഗങ്ങളായിട്ടുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. standard bidding documents-നു വന്ന വ്യതിയാനങ്ങൾ സംസ്ഥാന ഗവൺമെന്റ് അംഗീകരിക്കേ ണ്ടതില്ല എന്നും ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ, ഈ ദീർഘകാല കരാറുകളിൽ നിന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഇതേ വ്യവസ്ഥകൾ ഒഴിവാക്കിയാൽ ഉദ്ദേശം ഏകദേശം 800 കോടി രൂപയുടെ അധിക ബാധ്യത ഒഴിവാക്കാൻ ആകുമെന്ന് അനുമാനിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ശുപാർശയിന്മേൽ ഗവൺമെന്റ് തീരുമാനം എടുക്കുന്ന മുറയ്ക്ക് വൈദ്യുതി ബോർഡിന് അന്തിമ തീരുമാനങ്ങൾക്കായി സംസ്ഥാന റഗുലേറ്ററി കമ്മീഷനെ സമീപിക്കുന്നതാണ്. |
| (ബി) | കെ.എസ്.ഇ.ബി.എൽ. -ന്റെ സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) | കെ.എസ്.ഇ.ബി.എൽ. -ന്റെ സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. 1. കൂടിയ പലിശനിരക്കിലുള്ള ലോണുകൾ തിരിച്ചടച്ചും കുറഞ്ഞ പലിശ നിരക്കിലുള്ള ലോണുകൾ കൂടി പരിവർത്തനം ചെയ്തും എടുക്കുന്നു. 2. നൂതന സാങ്കേതിക വിദ്യകൾ |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ച് പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്നതിലൂടെ ചെലവ് ചുരുക്കുന്നു. 3. കമ്പ്യൂട്ടർവത്കൃത 'ERP' മുതലായവ നടപ്പിലാക്കുന്നത് വഴി ജീവനക്കാരുടെ പുനർ വിന്യാസത്തിലൂടെ ചെലവ് ചുരുക്കുന്നു. 4. കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി വാങ്ങൽ കരാറുകളിൽ ഏർപ്പെട്ട്, വൈദ്യുതി വാങ്ങൽ ചെലവ്, കൂടുതൽ ചുരുക്കുന്നതിനുള്ള ശ്രമം നടത്തുന്നു. 5. കെ.എസ്.ഇ.ബി.എൽ–ന്റെ കുടിശ്ശിക കൂടുതൽ ഊർജ്ജിത ശ്രമങ്ങളിലൂടെ പിരിച്ചെടുക്കുന്നു. |
| (സി) | വൈദ്യുതി പ്രസരണ, വിതരണ രംഗം കാര്യക്ഷമമാക്കുന്നതിനും പ്രസരണ, വിതരണ നഷ്ടം കുറയ്ക്കുന്നതിനും നടപ്പിലാക്കി വരുന്ന ട്രാൻസ്ഗ്രിഡ്, ദ്യുതി പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്തിരുന്നോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ദ്യുതി പദ്ധതിയുടെ പുരോഗതി തുടർച്ചയായി അവലോകനം ചെയ്യുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്തെ വൈദ്യുതി മേഖലയെ ലോകോത്തരമാക്കുകയെന്ന ലക്ഷ്യത്തോടെ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തി വിതരണ ശൃംഖലയുടെ മെച്ചപ്പെടുത്തലിനും വികസനത്തിനുമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'ദ്യുതി 2021.' ദ്യുതി പദ്ധതിയിൽ ലൈൻ നിർ മ്മാണം, standardization പ്രവൃത്തികൾ, ട്രാൻസ്ഫോർമർ നിർമ്മാണം ഉൾപ്പെ ടെയുള്ള വികസന പ്രവൃത്തികൾക്കായി 3732.03 കോടി രൂപയും കേടായ മീറ്ററുകൾ മാറ്റി വയ്ക്കുന്നതിനായി 204.27കോടി രൂപയും തുടർ വൈദ്യുതീകരണ പ്രവർത്തനങ്ങൾ ക്കായി 50 കോടി രൂപയും SCADA പ്രവൃത്തികൾക്ക് 50 കോടി രൂപയും ഉൾപ്പെടെ 4036.30 കോടി രൂപയുടെ പദ്ധതി രേഖയാണ് തയ്യാറാക്കിയിരുന്നത്. ആഗോള നിലവാരത്തിൽ തടസ്സരഹിതമായി, ഗുണമേന്മയേറിയ വൈദ്യുതി അപകടരഹിതമായി ഉപഭോക്താ ക്കൾക്ക് എത്തിച്ച് വൈദ്യുതി വിതരണ രംഗം കാര്യക്ഷമമാക്കുന്നതിനു നടപ്പിലാക്കുന്ന "ദ്യുതി" പദ്ധതിയിൽ ഉൾപ്പെടുത്തി എച്ച്.ടി ലൈൻ/ ഭൂഗർഭ കേബിൾ നിർമ്മാണം, എൽ ടി ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ/ ശേഷി വർധിപ്പിക്കൽ, ലൈനിന്റെ സ്ഥാപിത ശേഷി കൂട്ടുന്ന പ്രവൃത്തികൾ, എച്ച്.ടി ലൈനും ഇ.എച്ച്.ടി ലൈനും റീ കണ്ടക്ടറിങ് നടത്തുന്ന പ്രവൃത്തികൾ, ലൈനുകളുടെയും ട്രാൻസ്ഫോ ർമറുകളുടെയും മറ്റു പ്രതിഷ്ഠാപനങ്ങളുടെയും standardization പ്രവൃത്തികൾ, വിതരണ നഷ്ടം കുറയ്ക്കുന്ന പ്രവൃത്തികൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു. 2018-ൽ ആരംഭിച്ച് 2022-ൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചിരുന്ന ഈ പദ്ധതിയിൽ, 2018, 2019 വർഷങ്ങളിലെ മഹാപ്രളയങ്ങൾ, കോവിഡ്-19 ന്റെ ഭാഗമായി ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ക്ഡൗൺ, എന്നിവ |

കാരണം ഉദ്ദേശിച്ച പുരോഗതി കൈവരിക്കാനായില്ലെങ്കിലും ഈ പദ്ധതിയിൽ ഇതുവരെ 2061.17 കോടി രൂപയുടെ പ്രവൃത്തികൾ (ലൈൻ നിർമ്മാണം/ട്രാൻസ്ഫോർമർ സ്ഥാപിക്കൽ തുടങ്ങിയ വികസന പ്രവൃത്തികൾ, കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കൽ തുടങ്ങിയവയ്ക്കായി) പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിൽ 2021-22 സാമ്പത്തിക വർഷത്തിൽ ഇതുവരെ 654.70 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. തുടർവൈദ്യുതീകരണത്തിനായി മാറ്റിവച്ച 50 കോടി രൂപയും മാർച്ച് 2021 ൽ തന്നെ ചെലവഴിച്ചിട്ടുണ്ട്. വൈദ്യുതി പ്രസരണ രംഗം കാര്യക്ഷമമാക്കുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുമായി നടപ്പിലാക്കി വരുന്ന ട്രാൻസ്ഗ്രിഡ് പദ്ധതികളുടെ പുരോഗതി മന്ത്രിതലത്തിലും, ഡയറക്ടർ തലത്തിലും, ചീഫ് എഞ്ചിനീയർ തലത്തിലും കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്യാറുണ്ട്. കേരളത്തിലെ വരുന്ന രണ്ട് ദശാബ്ദ കാലയളവിലേക്കുള്ള വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് പര്യാപ്തമായ രീതിയിൽ നിലവിലുള്ള പ്രസരണ ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും പുതിയ ലൈനുക ളുടെയും സബ്സ്റ്റേഷനുകളുടെയും നിർമ്മാ ണത്തിനുമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് 2016-ൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുവഴി പ്രതിവർഷം 521 ദശലക്ഷം യൂണിറ്റ് വൈദ്യുതി നഷ്ടം കുറയ്ക്കുന്നതിനും, വരുന്ന 25 വർഷത്തെ പ്രസരണ ആവശ്യകത നിറവേറ്റുന്നതിനും, വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനും, ഗുണമേന്മയുള്ള വൈദ്യുതി ഉപഭോ ക്താക്കൾക്ക് എത്തിക്കുന്നതിനും കഴിയും. കെ.എസ്.ഇ.ബി.എൽ. ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ KIIFB (Kerala Industrial Investment Fund Board), PSDF (Power System Development Fund), MNRE (Ministry of New & Renewable Energy) എന്നിവയുടെ ധനസഹായത്തോടെ ഏകദേശം 10,000/- കോടി രൂപ ചിലവ് കണക്കാക്കിയുള്ള പ്രവർത്തികളാണ് രണ്ട് ഘട്ടങ്ങളിലായി പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ KIIFB, PSDF ധന സഹായത്തോടെ ആവിഷ്കരിച്ച പദ്ധതി കളിൽ 178 കി.മി 400 കെ.വി ലൈനും 845 കി.മി 220 കെ.വി. ലൈനും ഉൾപ്പെടുന്ന 9 ലൈൻ പാക്കേജുകളും 12 സബ്സ്റ്റേഷനുകൾ ഉൾപ്പെടുന്ന 5 പാക്കേജുകളും ഉണ്ട്. നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്ത പദ്ധതികളിൽ 6 സബ്സ്റ്റേഷനുകളും, 178 സർക്യൂട്ട്

| | | | |
|---|---|---|---|
| | | | കി.മി 400 കെ.വി ലൈനും, 465 സർക്യൂട്ട് കി. മി 220 കെ.വി ലൈനും, 548 സർക്യൂട്ട് കി.മി 110 കെ.വി ലൈനും ഉൾപ്പെടുന്നു. രണ്ടാം ഘട്ടത്തിൽ KIIFB, MNRE എന്നിവയുടെ ധനസഹായത്തോടെ പൂർത്തീകരിക്കാൻ 11 ലൈൻ പാക്കേജുകളും 13 സബ്സ്റ്റേഷനുകളും വിഭാവനം ചെയ്തിട്ടുണ്ട്. ഒന്നാം ഘട്ടം 2022-ലും, രണ്ടാം ഘട്ടം 2024-ലും പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ